# പന്ത്രണ്ടുമണിക്കൂർ വേദി വിടാതെ മുഖ്യമന്ത്രി

## ജനസമ്പർക്ക പരിപാടിയിൽ പരാതി പ്രവാഹം

കോഴിക്കോട്: ഇന്നലെ കോഴിക്കോട്ട് നടന്ന പൊതുജന സമ്പർക്ക പരിപാടിയിൽ പരാതികളിൽ ലയിച്ചുപോയ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഭക്ഷണം പോലും ഉപേക്ഷിച്ചു. രാവിലെ 11 മണിക്ക് ആരംഭിച്ച പരാതി സ്വീകരിക്കൽ രാത്രി 11 മണി വരെ തുടർന്നു. ഇടക്കിടെ ഇളനീർ കഴിച്ചാണ് ക്ഷീണം അകറ്റിയത്.

മുഖമന്ത്രിയുടെ ആദ്യത്തെ പൊതുജന സമ്പർക്ക പരിപാടിയിൽ പതിനായിരത്തോളം പരാതികളാണ് ലഭിച്ചത്. എണ്ണായിരത്തോളം പരാതികൾ വിവിധ കൗണ്ടറുകൾ വഴിയും രണ്ടായിരത്തോളം പരാതികൾ വിവിധ വകുപ്പുകൾ വഴിയും. ഇതിൽ മൂവായിരത്തോളം പരാതികളിൽ വകുപ്പു മേധാവികൾ തന്നെ പരിഹാരം കണ്ടെത്തിയിരുന്നു. ബാക്കി വന്ന ഏഴായിരത്തോളം പരാതികളിലാണ് തീർപ്പ് കല്പിക്കേണ്ടിയിരുന്നത്. ഇതിൽ ഉൾഗ്രാമങ്ങളിൽ നിന്നുള്ള പരാതിക്കാർ വാഹന പണിമുടക്ക് കാരണം എത്തിയിരുന്നില്ല. എന്നിട്ടും പരാതി പ്രളയത്തിൽ നിന്ന് രക്ഷപ്പെടാൻ മുഖ്യമന്ത്രിക്ക് അർദ്ധരാത്രിവരെ അദ്ധ്വാനിക്കേണ്ടി വന്നു.

സ്റ്റേജിൽ കയറാൻ നിവൃത്തിയില്ലാത്തവരുടെ അടുത്തേക്ക് ഉദ്ഘാടന ചടങ്ങിനുശേഷം മുഖ്യമന്ത്രി ഇറങ്ങിച്ചെന്നു. അരമണിക്കൂറോളം അവരുടെ പരാതികൾ ശ്രദ്ധിച്ച് കേൾക്കുകയും പരിഹാരം കണ്ടെത്തുകയും ചെയ്തു. പിന്നീട് വേദിയിലെ ഇരിപ്പിടത്തിൽ ഇരുന്നാണ് പരാതികൾ സ്വീകരിക്കാൻ തുടങ്ങിയത്. ഓരോ പരാതിയും ശ്രദ്ധാപൂർവ്വം കേട്ട് ഉടൻ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ വിളിച്ച് ഫയലിൽ തീരുമാനം ഉണ്ടാക്കുകയായിരുന്നു.

വിശ്രമമില്ലാതെ മുഖ്യമന്ത്രി പരാതികൾ സ്വീകരിക്കുമ്പോഴും ക്യൂവിൽ നിന്ന ചിലർ കുഴഞ്ഞു വീണു. ഇതോടെ നാലു മണിയോടെ ടോക്കൺ സംവിധാനമാക്കി. 25 പേർ വീതമായിരുന്നു പിന്നീട് ക്യൂ. അഞ്ചര മണിയോടെ ടോക്കൺ സംവിധാനത്തിൽ വീണ്ടും ചില മാറ്റങ്ങൾ വരുത്തി. ടോക്കൺ നൽകിയവരിൽ സ്ത്രീകൾക്ക് മാത്രമായി ക്യൂ. ഒടുവിൽ എട്ടേകാൽ മണിയോടെയാണ് സ്ത്രീകളുടെ ക്യൂ അവസാനിച്ചത്. അപ്പോഴേക്കും 26 ലക്ഷം രൂപയുടെ ചികിത്സാ ധനസഹായം അനുവദിച്ചുകൊണ്ട് മുഖ്യമന്ത്രി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പിന്നീട് മൂന്നു മണിക്കൂർ കൂടി കഴിഞ്ഞാണ് പരാതികൾ അവസാനിച്ചത്.



*ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയോട് കരഞ്ഞുകൊണ്ട് പരാതി പറയുന്ന സ്ത്രീ*

**നാടിന്റെ പൊതുവായ വികസന കാര്യങ്ങളിൽ രാഷ്ട്രീയം മറന്ന് ഒന്നിക്കണം : മുഖ്യമന്ത്രി ഉമ്മൻചാണ്ടി**